കേരള കാർഷിക സർവ്വകലാശാല
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് & ടെക്നോളജി
തവനൂർ – 679573, മലപ്പുറം
ഇ-മെയിൽ : deanengg@kau.in, kcaet@kau.in, ഫോൺ : 0494 2686214

നമ്പർ : ബി2/3577/2021(ii) തിയ്യതി : 09.09.2021

## ക്വട്ടേഷൻ/ലേലം നോട്ടീസ്

ഈ കോളേജിലെ താഴെ പറയുന്ന വിവിധ മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റി ലേലം ചെയ്ത് വിൽക്കുന്നതിനായുള്ള മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ/ലേലം താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

ലേലവസ്തുവിന്റെ പൂർണ്ണമായ വിശദാംശങ്ങൾ

| മരത്തിന്റെ നമ്പർ | പേര് | ചുറ്റളവ് (സെ.മീ.) | ഉയരം ഏകദേശം (സെ.മീ.) |
|---|---|---|---|
| 6 | അശോകമരം | 77 | 1000 |
| 7 | അശോകമരം | 63 | 650 |
| 8 | അക്കേഷ്യ മരം | 104 | 800 |
| 9 | മുളിമ്പാല | 126 | 700 |
| 10 | കുമിഴ് മരം | 98 | 800 |
| 11 | മുളിമ്പാല | 93 | 500-600 |
| 12 | കുമിഴ് മരം | 45 | 900 |
| 13 | മുളിമ്പാല | 106 | 700 |
| 14 | മുളിമ്പാല | 108 | 700 |
| 15 | മുളിമ്പാല | 92 | 700 |
| 16 | മുള്ളിലമരം | 90 & 98 | 1000 |
| 17 | മഞ്ചാടി മരം | 108 | 1000 |

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി : **22.09.2021** രാവിലെ 11 മണി
ലേലം വിളിക്കുന്ന സമയം : അതേ ദിവസം രാവിലെ 11 മണി
ക്വട്ടേഷൻ തുറക്കുന്ന സമയം : അതേ ദിവസം രാവിലെ 11.30

### വ്യവസ്ഥകളും നിബന്ധനകളും

1. മേൽ പ്രസ്താവിച്ച മരങ്ങളുടെ ലേല തുക ഒരേ ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
2. നിശ്ചിത സമയത്ത് ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ ലേലം ആരംഭിക്കുന്നതും ആയതിന് ശേഷം ക്വട്ടേഷൻ തുറക്കുന്നതുമാണ്.
3. ക്വട്ടേഷൻ/ലേലം മേൽപറഞ്ഞ തിയ്യതിയിൽ തൽസമയം ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ആകെ തുകയിൽ കൂടുതൽ രേഖപ്പെടുത്തിയ വ്യക്തിക്ക് തുക തൃപ്തികരമെന്നു തോന്നുന്ന പക്ഷം ലേലം ഉറപ്പിക്കുന്നതുമായിരിക്കും.

4. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് വർക്ക് ഓർഡർ നൽകുന്നതും അതിനുശേഷം പത്ത് ദിവസത്തിനകം മരങ്ങൾ മുറിച്ചുനീക്കി ക്യാമ്പസിനകത്തു നിന്ന് കൊണ്ടു പോകേണ്ടതാണ്.
5. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെക്കുന്നതിനോ, അസ്ഥിര പ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
6. ടി– മരങ്ങൾ ഓഫീസ് സമയങ്ങളിൽ ക്യാമ്പസ് ഓഫീസറുടെ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. **(ബന്ധപ്പെടേണ്ട നമ്പർ 8848784034, ശ്രീ. സഞ്ചു സുകുമാരൻ അസിസ്റ്റന്റ് പ്രൊഫസർ & ക്യാമ്പസ് ഓഫീസർ)** ഇവർ തിരിച്ചറിയൽ രേഖ കരുതേണ്ടതാണ്.
7. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
8. സർക്കാർ ക്വട്ടേഷന്റെ/ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
9. ലേലം/ക്വട്ടേഷൻ സംബന്ധിച്ചുള്ള ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.
10. ക്വട്ടേഷനിൽ പങ്കെടുക്കാൻ എത്തുന്നവർ നിർബന്ധമായും തിരിച്ചറിയിൽരേഖ കയ്യിൽ സൂക്ഷിക്കേണ്ടതാണ്.
11. ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്ന വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ മൂന്നിലൊരു ഭാഗം അതേ ദിവസവും ബാക്കി തുക മൂന്ന് ദിവസത്തിനകവും ഒടുക്കേണ്ടതാണ്.
12. ക്വട്ടേഷൻ /ലേലം ഉറപ്പിച്ച വ്യക്തി നിരതദ്രവ്യമായി 500 രൂപ ഒടുക്കേണ്ടതാണ്.
13. എട്ടാം നമ്പർ മരത്തിന്റെ തടിക്ക് 18% ജി.എസ്.ടി ബാധകമാണ്.

(ഒപ്പ്)
ഡോ. സത്യൻ കെ.കെ
ഡീൻ ഓഫ് ഫാക്കൽറ്റി(അഗ്രി. എഞ്ചി)

സ്വീകർത്താവ് :

1. നോട്ടീസ് ബോർഡ് (ഓഫീസ് /ഫാം /മെയിൻ ഗേറ്റ്)
2. കെ.എ.യു, കെ.സി.എ.ഇ.ടി വെബ്സൈറ്റ്

പകർപ്പ്

ഫാം ഇൻ–ചാർജ്ജ്/ഫാം സൂപ്രണ്ട്/കാഷ്യർ/സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ